**A** **712**

# സമഗ്ര ശിക്ഷാ, കേരളം
# അർധവാർഷിക മൂല്യനിർണയം 2019-20
## മലയാളം
## അടിസ്ഥാനപാഠാവലി

ക്ലാസ് : 7 സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ **ഒന്നാമത്തെ** പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. **രണ്ടു മുതൽ ആറു വരെ** പ്രവർത്തനങ്ങളിൽ നാലു പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.

---

## പ്രവർത്തനം 1 - വായിക്കാം എഴുതാം

താഴെ കാണുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതാം.

എന്റെ കുട്ടിക്കാലത്തെ പ്രകാശപൂർണമാക്കിയത് ഈ പാടവും അതിന്റെ നൂതനഭംഗികളുമാണ്. പാടത്തിനപ്പുറത്തുള്ള ആകാശം എന്റെ സന്ധ്യാവേളകൾ ഏറെ സമ്പന്നമാക്കി. മോഹിപ്പിക്കുന്ന എന്തെല്ലാമോ അപൂർവ നിറങ്ങൾ വാരിവിതറുന്ന നീലാകാശം. ആരോ അലക്ഷ്യമായി വലിച്ചെറിഞ്ഞ പഞ്ഞിത്തുണ്ടുകൾ എന്നു തോന്നിക്കുന്ന വെൺമേഘങ്ങൾ, നിരനിരയായി പറന്നു നീങ്ങുന്ന പക്ഷിക്കൂട്ടങ്ങൾ, പ്രാർഥനയിലെന്നോണം തല താഴ്ത്തി നിൽക്കുന്ന പൂമരങ്ങൾ, തോട്ടിൻകരയിൽ നിന്നെത്തുന്ന കൈതപ്പൂവിന്റെ സുഗന്ധം. അവയെല്ലാം എന്റെ അടുത്ത കൂട്ടുകാരായിരുന്നു പാടത്തിൻകരയിലുള്ള എന്റെ വീടിന്റെ പൂമുഖത്തിരുന്ന് ഇന്ന് ഓർത്തെടുക്കാൻ കഴിയാത്ത ഏതോ ഭാഷയിൽ അവയുമായി ഞാൻ സംസാരിച്ചിരുന്നു. അവയോടൊത്ത് ആടുകയും പാടുകയും ചെയ്യുന്നതായി സ്വപ്നം കണ്ടു.

(ഡോ. സി.ജെ.റോയ്)

1. നീലാകാശം മോഹിപ്പിച്ചതെങ്ങനെ?

   എ) ഇടിമിന്നൽ കൊണ്ട്

   ബി) മഴ പൊഴിച്ചു കൊണ്ട്

   സി) അപൂർവ നിറങ്ങൾ വാരിവിതറിക്കൊണ്ട്

2. "അവയെല്ലാം എന്റെ അടുത്ത കൂട്ടുകാരായിരുന്നു". അടുത്ത കൂട്ടുകാർ എന്ന് ലേഖകൻ വിളിക്കുന്നത് ആരെയാണ്?

   എ) പ്രകൃതിയെ

   ബി) മനുഷ്യരെ

   സി) യന്ത്രങ്ങളെ

3. പ്രാർഥനയിലെന്നോണം തലതാഴ്ത്തി നിൽക്കുന്നതാര്?

   എ) വെൺമേഘങ്ങൾ

   ബി) പൂമരങ്ങൾ

   സി) കൈതപ്പൂക്കൾ

4. ഈ ലേഖനത്തിൽ 'പ്രകാശപൂർണമാക്കിയത് ', എന്ന പ്രയോഗത്തിന് കൂടുതൽ യോജിക്കുന്ന ആശയം ഏത്?

എ) സന്തോഷമുള്ളതാക്കി

ബി) ഭംഗിയുള്ളതാക്കി.

സി) അറിവുള്ളതാക്കി

5. വെൺമേഘങ്ങളെ 'അലക്ഷ്യമായി വലിച്ചെറിഞ്ഞ പഞ്ഞിത്തുണ്ടുകൾ' എന്നുവിശേഷിപ്പിക്കുന്നത് എന്തുകൊണ്ട്?

എ) കൂടിക്കിടക്കുന്നതുകൊണ്ട്

ബി) ചിതറിക്കിടക്കുന്നതുകൊണ്ട്

സി) മിനുസം ഉള്ളതുകൊണ്ട്

## പ്രവർത്തനം 2 – അനുഭവക്കുറിപ്പ്

" ഒരു ചങ്ങാതിയോടൊപ്പം പിറ്റേന്നും ഞാൻ പോയി നാടകത്തിന് പക്ഷേ, കാണാനായില്ല.

നാടകസംഘത്തിൽപ്പെട്ട ആരോ ജനലിന് കൊളുത്ത് ഉറപ്പിച്ചിരിക്കുന്നു. ഞങ്ങളവിടെ ഖേദം പൂണ്ട് നിൽക്കുമ്പോൾ അകത്ത് അക്ബർ ചക്രവർത്തിയുടെ പൊട്ടിച്ചിരി"

രണ്ടാം ദിവസത്തെ നാടകം കാണാൻ കഴിയാതെ ഖേദം പൂണ്ട് നിന്ന എഴുത്തുകാരനെക്കുറിച്ച് 'അരങ്ങുണരുന്നു' എന്ന പാഠഭാഗത്തിൽ നാം വായിച്ചു.

നാം വളരെയേറെ ആഗ്രഹിക്കുകയും എന്നാൽ നടക്കാതെ പോവുകയും ചെയ്ത ചില കാര്യങ്ങൾ നമ്മുടെ ജീവിതത്തിലും ഉണ്ടാകുമല്ലോ. അത്തരം ഏതെങ്കിലും ഒരനുഭവം കുറിപ്പായി തയാറാക്കുക.

## പ്രവർത്തനം 3 – പോസ്റ്റർ നിർമാണം

പ്രകൃതിസംരക്ഷണത്തിന്റെ പ്രാധാന്യം സൂചിപ്പിക്കുന്ന "പീച്ച് പൂന്തോട്ടം" പരിചയപ്പെട്ടല്ലോ. 2020 മാർച്ച് 3 ന് നടക്കുന്ന ലോക വന്യജീവി ദിനാചരണത്തിന്റെ ഭാഗമായി വിദ്യാലയത്തിൽ നടത്താനുദ്ദേശിക്കുന്ന ചില പരിപാടികൾ താഴെ കൊടുക്കുന്നു.

ഉദ്ഘാടനം

ഡോക്യുമെന്ററി പ്രദർശനം

സംവാദം

കാവ്യാലാപനം

പരിപാടിയെക്കുറിച്ച് അറിയിപ്പ് നൽകുന്ന ഒരു പോസ്റ്റർ തയാറാക്കുക.

കാട്ടിലെ ജീവജാലങ്ങൾ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്ന 'സന്ദേശം' പോസ്റ്ററിൽ ഉൾപ്പെടുത്തുമല്ലോ.

### പ്രവർത്തനം 4 – താരതമ്യക്കുറിപ്പ്

"പണം വെച്ചിട്ട് പോ........ നിന്റെ കണ്ണു ഞാൻ ചുരന്നെടുക്കും"

ഇങ്ങനെ പറയുന്ന ഹോട്ടൽകാരന്റെയും ബഷീറിനെ ആപത്തിൽ നിന്ന് രക്ഷിച്ച പോക്കറ്റടിക്കാരന്റെയും മനോഭാവങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

### പ്രവർത്തനം 5 – വിലയിരുത്തൽ കുറിപ്പ്




മുകളിൽ കൊടുത്ത കാർട്ടൂൺ കണ്ടില്ലേ?

"പീച്ച് പൂന്തോട്ടം" എന്ന പാഠഭാഗത്തിൽ നിന്നും ലഭിച്ച ആശയവും ഈ കാർട്ടൂൺ നമ്മുടെ മനസ്സിൽ ഉണർത്തിയ ചിന്തകളും ഉൾപ്പെടുത്തി ഒരു വിലയിരുത്തൽ കുറിപ്പ് തയാറാക്കുക.

### പ്രവർത്തനം 6 – വിശകലനക്കുറിപ്പ്

കഷ്ടപ്പെടുന്നവന്റെ കണ്ണീരുണക്കാൻ മനുഷ്യത്വമുള്ള ഒരു പോക്കറ്റടിക്കാരനെ ബഷീർ 'ഒരു മനുഷ്യൻ 'എന്ന കഥയിൽ അവതരിപ്പിക്കുന്നു.

<u>നീരുറവ</u>

ഞാൻ ആദ്യമായി
നീരുറവ കണ്ടത്
എന്റെ അമ്മയുടെ
കണ്ണിൽ നിന്നാണ്
ഒരു വെയിലായി
എനിയ്ക്കതിനെ
വറ്റിക്കാനാവുമോ?

– മുർസൽ ഷാജഹാൻ

പോക്കറ്റടിക്കാരന്റെ മനസ്സിലെ നന്മയെയും 'നീരുറവ' എന്ന കവിതയിലെ കുട്ടിയുടെ ആഗ്രഹത്തെയും വിശകലനം ചെയ്ത് ഒരു കുറിപ്പാക്കുക.